PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1969.

Tuesday, the 19th August, 1969.

Vol. XXV OFFICIAL REPORT No. 9

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 19th August, 1969 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted Questions for the Session)

(a) ORAL ANSWERS

ഡൈമക്രോൺ

*135 (462) ശ്രീ. പി. കെ. കുഞ്ഞച്ചൻ
,, കെ. ചാത്തുണ്ണിമാസ്റ്റർ
,, ടി. കെ. രാമകൃഷ്ണൻ
,, മുസ്തഫാ കെമാൽ
,, വി. എസ്സ്. അച്യുതാനന്ദൻ
,, സി. ഗോവിന്ദപ്പണിക്കർ
,, സി. ബി. ചന്ദ്രശേഖരവാര്യർ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കൃഷിവകുപ്പു് ജോയിന്റു് ഡയറക്ടർ "ഡൈമക്രോൺ" വാങ്ങിയതിനെക്കുറിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണറിപ്പോർട്ടു് വെളിപ്പെടുത്തുമോ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

(എ, ബി) കൃഷിവകുപ്പു് നേരിട്ടു് അന്വേഷണം നടത്തിയിട്ടില്ല. വിജിലൻസ്സു് കമ്മീഷൻ അന്വേഷണം നടത്തിയതായി അറിയാം. അന്വേഷണത്തിന്റെ വിശദവിവരങ്ങൾ ഈ ഡിപ്പാർട്ടുമെന്റിനു് അറിവില്ല. ആഭ്യന്തരവകുപ്പാണു് ഇതിന്റെ അന്വേഷണത്തിന്റെ വിശദവിവരങ്ങൾ കൃഷിവകുപ്പിനെ അറിയിക്കേണ്ടതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ സാധനം വാങ്ങിയതു് ടെൻഡർ വിളിക്കാതെ ആണെന്നു് അറിയുന്നതു് ശരിയാണോ? ഈ സാധനം വിതരണംചെയ്ത ജില്ലകളിൽ ഇതു് ഉപയോഗശൂന്യമായി കെട്ടിയിരിപ്പു് ആണെന്നും അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതേപ്പറ്റി ഇതിനുമുമ്പും ഒന്നു രണ്ടു തവണ ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ട്. അന്നും ഇതു സംബന്ധിച്ചു വിവരങ്ങൾ ഈ സഭയുടെ മുമ്പിൽ വച്ചിട്ടുള്ളതാണ്. ടെൻഡർ വിളിക്കാതെയാണ് ഇതു വാങ്ങിച്ചിട്ടുള്ളതു് എന്നതു് ശരിയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സാധാരണയായിട്ടു് ഉപയോഗത്തിനു് കൊള്ളാത്തതും ടെണ്ടർ വിളിക്കാതെ വാങ്ങിയതുമായ സാധനങ്ങൾ ആണു് കെട്ടിക്കിടക്കുന്നതു് എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു് ശരിയല്ല. കാരണം ഈ സാധനം വളരെ ഉപയോഗമുള്ളതു് ആണെന്നാണു് ഇതേപ്പറ്റി അറിയാവുന്ന സാങ്കേതിക വിദഗ്ദ്ധന്മാരുടെ അഭിപ്രായം. 'സീബ' എന്നു പറയുന്ന കമ്പനിയിൽനിന്നും ആണു് വാങ്ങിച്ചിട്ടുള്ളതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതു് ഇന്നും കൃഷിക്കാർക്കു് വിതരണം ചെയ്യാതെ ഉപയോഗശൂന്യമായി കെട്ടിക്കിടക്കുന്നതുമൂലം അഞ്ചുലക്ഷം രൂപ ഗവണ്മെൻറിനു് നഷ്ടം വരുന്നുണ്ടെന്നു് അറിയുന്നതു് ശരിയാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു മുഴുവൻ ചെലവായിട്ടുണ്ടോ എന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. അന്വേഷിച്ചു പറയാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: എൻഡ്രിൻ എന്ന കീടനാശിനിയാണു് ആവശ്യമെന്നിരിക്കെ ഗവണ്മെൻറിനു് നഷ്ടം വരുത്തുവാൻവേണ്ടി മനഃപൂർവ്വം ഡൈമക്രോൺ വാങ്ങിച്ചുവെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ആ കാര്യമാണു് വിജിലൻസു് കമ്മീഷൻ അന്വേഷിക്കുന്നതു്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു്: പല കീടനാശിനികളെക്കാളും ഫലപ്രദമായ ഒന്നാണു് ഡൈമക്രോൺ പക്ഷേ അതിൻറെ വില കൂടുതലായതുകൊണ്ടാണു് കൃഷിക്കാർ വാങ്ങാതിരിക്കുന്നതെന്നുള്ള വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ആ അഭിപ്രായത്തിലാണു് ഇതു് വാങ്ങിയതു്. സാങ്കേതികവിദഗ്ദ്ധന്മാരുടെ അഭിപ്രായം ഇതു് നല്ല ഒരു കീടനാശിനിയാണെന്നാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഹോം ഡിപ്പാർട്ടുമെൻറു് ഇതു സംബന്ധിച്ചു നടത്തിയ അന്വേഷണം പൂർത്തിയായോ? അതിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു് പൂർത്തിയായിട്ടില്ലാത്തതുകൊണ്ടാണു് റിപ്പോർട്ടു് അയച്ചുതരാത്തതു്.

ശ്രീ. ടി. എ. മജീദു്: കൃഷി ഡിപ്പാർട്ടുമെൻറു് നേരിട്ടു് അന്വേഷണം നടത്താത്തതു് എന്തുകൊണ്ടാണു്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇത്തരം കാര്യങ്ങളെല്ലാം ഏതു ഡിപ്പാർട്ടുമെൻറിലായാലും വിജിലൻസു് ഡിപ്പാർട്ടുമെൻറാണു് അന്വേഷിക്കുന്നതു്.

ശ്രീ. ടി. എ. മജീദു്: കൃഷിഡിപ്പാർട്ടുമെൻറു് നേരിട്ടു് അന്വേഷിക്കാത്തതിൻറെ കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കൃഷിഡിപ്പാർട്ടുമെന്റു ഡയറക്ടറും കോഴിക്കോട്ടെ ജോയിന്റു ഡയറക്ടറും ഈ കീടനാശിനി ഇതുവരെ ഉപയോഗിച്ചു കൊണ്ടിരുന്നവരെക്കാൾ ഫലപ്രദമായതെന്നു പായുകയും അടിയന്തിരമായി കൃഷിക്കാർ ആവശ്യപ്പെടുകയും ചെയ്തതുകൊണ്ടാണു് ടെൻഡർ വിളിക്കാതെ ഇതു വാങ്ങാൻ അനുമതികൊടുത്തതു്. കൃഷി ഡിപ്പാർട്ടുമെന്റു് അന്വേഷിക്കുക എന്നു പറഞ്ഞാൽ കൃഷി ഡയറക്ടർ ആണു് അന്വേഷിക്കേണ്ടതു്. അതു ശരിയാവുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: നമ്മുടെ സംസ്ഥാനത്തു് ഉപയോഗിക്കുന്ന പല കീടനാശിനികളെ സംബന്ധിച്ചും പൊതുവായ പരാതികളും ഇന്നു് നിലവിലുണ്ടു്. ചില സ്ഥലത്തു് ഉപയോഗിക്കപ്പെടുന്ന ചിലയിനം കീടനാശിനികളും അപര്യാപ്തമാണെന്നും ചിലതു നല്ലതാണെന്നും അഭിപ്രായം ഉണ്ടു്. ഇപ്പോൾ ഉപയോഗിക്കുന്ന കീടനാശിനികളെ സംബന്ധിച്ചിടത്തോളം വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ? ഏതു കീടനാശിനിയാണു് ഫലപ്രദമായതു്? ഉപയോഗിക്കാൻ കൊള്ളാവുന്നവ വാങ്ങിക്കാൻ വല്ല ഏർപ്പാടും ഗവണ്മെന്റു് ചെയ്തിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല. സാങ്കേതികമായി പല കാര്യങ്ങളിലും എനിക്കുവൈദഗ്ദ്ധ്യമില്ലാത്തതുകൊണ്ടു് ഈ ചോദ്യത്തിനു് മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. മാണി: ടെൻഡർ വിളിച്ചു് വാങ്ങിച്ചിരുന്നുവെങ്കിൽ ഇന്നു വാങ്ങിയ വിലയെക്കാളും കുറഞ്ഞ നിരക്കിൽ കിട്ടുമായിരുന്നുവെന്നു് ഗവണ്മെന്റു് കരുതുന്നുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഈ വിവരങ്ങളെല്ലാം വിജിലൻസു് ഡിപ്പാർട്ടുമെന്റിന്റെ അന്വേഷണം കഴിഞ്ഞതിനുശേഷമേ അറിയാൻ പറ്റുകയുള്ളു. ഒരു പ്രത്യേകസമയത്തു് കീടത്തിന്റെ ശല്യം വർദ്ധിച്ചു വന്നപ്പോൾ അടിയന്തിരമായി പരിഹരിക്കണമെന്നുള്ള ശുപാർശ ഉദ്യോഗസ്ഥന്മാരിൽനിന്നു് ഉണ്ടായപ്പോൾ അതു വാങ്ങാനുള്ള അധികാരം ഗവണ്മെന്റു് കൊടുക്കുകയാണുണ്ടായതു്.

ശ്രീ. പി. പി. വിൽസൺ: ടെൻഡർ വിളിക്കാതെ ഇത്രയും കീടനാശിനി വാങ്ങിച്ചപ്പോൾ, സാധാരണ വാങ്ങാൻ നൽകിയിട്ടുള്ള പരിധി ലംഘിച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റു് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: പരിധിക്കപ്പുറത്തു് പോയിട്ടില്ല. ഡയറക്ടർ അനുവാദം കൊടുത്തതാണു്.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: വില വർദ്ധിച്ചതുകൊണ്ടാണു് ഈ കീടനാശിനി ചെലവാകാതെയിരിക്കുന്നതെന്നു് പറയുന്നു. അതിനാൽ വില കുറച്ചു് കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതു് കെട്ടികിടക്കുന്നതായിട്ടുള്ള വിവരമൊന്നും ഡിപ്പാർട്ടുമെന്റിനു് കിട്ടിയിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: എത്രമാത്രം വിലക്കാണു് ഇതു് വാങ്ങിച്ചതു് എന്നു പറയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഒരു ലക്ഷത്തിനും രണ്ടു ലക്ഷത്തിനും ഇടയ്ക്കാണെന്നാണു് എന്റെ ഓർമ്മ.

ശ്രീ. എ. കെ. അപ്പു: മുൻകാലങ്ങളെ അപേക്ഷിച്ചു് പുതിയതരത്തിലുള്ള വല്ല കീടങ്ങളും വ്യാപകമായി ഉണ്ടായതുകൊണ്ടാണോ ഈ മരുന്നു് വാങ്ങാൻ ഇടയായതു്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ആയിരിക്കണം.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഏതെല്ലാം ജില്ലകൾക്കുവേണ്ടിയാണ് ഇതു് വാങ്ങിച്ചതു്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: തൃശ്ശൂർ, കോഴിക്കോടു് എന്നീ ജില്ലകൾക്കുവേണ്ടിയാണു് വാങ്ങിച്ചതു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: തൃശ്ശൂരും കോഴിക്കോടും ഇതു ചെലവാകാത്തതുകൊണ്ടു് മറ്റു ജില്ലകളിൽ വിറ്റഴിക്കണമെന്നു് നിർബന്ധം ചെലുത്തിയതായി വല്ല വിവരവും ലഭിച്ചിട്ടുണ്ടോ? 1969 മാർച്ചു് മാസത്തിൽ വാങ്ങിയതു് ഇപ്പോഴും കെട്ടികിടക്കുകയാണു്. അതിനെപ്പറ്റി ഒരന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതൊക്കെ തീർച്ചയായിട്ടും അന്വേഷിക്കാം.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഞാൻ ആദ്യം ചോദിച്ചതിനു മറുപടി പറഞ്ഞില്ല. കോഴിക്കോട്ടും തൃശ്ശൂരും ചെലവാകാത്തതുകൊണ്ടു് മറ്റു ജില്ലകളിൽ വിറ്റഴിക്കാൻ നിർബന്ധം ചെലുത്തിയതായി വല്ല വിവരവും കിട്ടിയിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതേപ്പറ്റി ഒരു വിവരവും കിട്ടിയില്ല. ഇതിൽ പറഞ്ഞിരിക്കുന്ന മരുന്നു് അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു നല്ല കീടനാശിനിയാണു്. മറ്റൊരു ഡിസ്ട്രിക്ടിൽ ചെലവാക്കിയാലും അതിൽ ദോഷമൊന്നും വരാൻ ഇടയില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഈ കീടനാശിനികൾ ചാഴിയെ നശിപ്പിക്കുവാൻ ഫലപ്രദമാണെന്നു വിശ്വസിക്കുന്നുണ്ടോ: പത്തുമുപ്പതു വർഷമായി ചില സ്ഥലങ്ങളിൽ സ്ഥിരമായി ചാഴിയുടെ ശല്യമുള്ളതു് നശിപ്പിക്കുവാൻ കഴിയുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ചാഴിയുടെ ശല്യത്തിനു് ഇതു് പ്രയോജനപ്രദമായ മരുന്നാണോ എന്നൊന്നും ഇതിലില്ല. എന്നാൽ ചാഴിശല്യത്തിനു് ഡിപ്പാർട്ടുമെന്റു് ഈ അടുത്തകാലത്തായിട്ടു് ഒരു മരുന്നു കണ്ടുപിടിക്കുകയും അതിന്റെ പ്രയോഗം ഫലപ്രദമാണെന്നു തെളിയുകയും ചെയ്തിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പർക്കു് ആവശ്യമുണ്ടെങ്കിൽ എത്തിച്ചുതരാൻ ശ്രമിക്കാം.

ശ്രീ. ജോസഫു് ചാഴിക്കാടൻ: ഇപ്പോഴുള്ള കീടനാശിനികൾ കൊണ്ടൊന്നും ചാഴിയെ നശിപ്പിക്കുവാൻ കഴിയുകയില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ചാഴിയെ നശിപ്പിക്കുന്നതിനു് വളരെ പ്രയാസമാണെന്നു് ഗവണ്മെന്റിനു് ഇപ്പോഴും ബോധ്യമുണ്ടു്.

മി. സ്പീക്കർ: ചാഴിയെ ഒതുക്കാൻ ഒരു ബുദ്ധിമുട്ടുമില്ല.

ശ്രീ. വി. എസ്സു്. അച്യുതാനന്ദൻ: കോഴിക്കോടു് കൃഷിവകുപ്പു് ജോയിന്റു് ഡയറക്ടറെപ്പറ്റി ഇതിനുമുമ്പും തേങ്ങയുടെ കാര്യത്തിൽ പരാതികളുണ്ടായിരുന്നു. ആ പരാതിയെ സംബന്ധിച്ചു് കാര്യമായി അന്വേഷണം നടത്താതെ ഡൈമക്രോൺ വാങ്ങിച്ചതിനെസംബന്ധിച്ചു് വീണ്ടും പരാതി വന്നിട്ടുള്ളതുകൊണ്ടാണോ കൃഷിവകുപ്പു് അന്വേഷിക്കാതെ മറ്റു വിധത്തിലുള്ള അന്വേഷണം നടത്തിയിട്ടുള്ളതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: തേങ്ങായുടെ കാര്യത്തിൽ അദ്ദേഹത്തെപ്പറ്റി പരാതിയുണ്ടോ എന്നു് എനിക്കു പറയാൻ നിവൃത്തിയില്ല. വിജിലൻസിനെക്കൊണ്ടു് അന്വേഷിപ്പിക്കുന്നതു് ഡിപ്പാർട്ടുമെന്റിനു് അന്വേഷണം നടത്താൻ കഴിയാത്തതുകൊണ്ടല്ല. ഇതു് ഡയറക്ടർവരെ അംഗീകരിച്ച ഒരു നടപടിയാണു്. ഇതിനെപ്പറ്റി ഡിപ്പാർട്ടുമെന്റു് അന്വേഷിക്കുകയെന്നുവച്ചാൽ ഡയറക്ടറാണു് അന്വേഷണം നടത്തേണ്ടതു്. അതു മതിയാകാത്തതുകൊണ്ടാണു് വിജിലൻസിനെക്കൊണ്ടു് അന്വേഷിപ്പിക്കുന്നതു്.

ശ്രീ. കെ. എം. മാണി: രണ്ടാഴ്ചയെങ്കിലും ടെൻഡർവിളിച്ചു കൊടുക്കാൻ കാത്തിരിക്കാതെ പെട്ടന്നു നെഗോഷ്യേറ്റു ചെയ്തുകൊടുത്ത അടിയന്തിരസ്വഭാവത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്താണു് അടിയന്തിര സ്വഭാവം, എന്തെല്ലാം സ്ഥലത്തേക്കായിരുന്നു എന്നെല്ലാമുള്ള വിശദമായ വിവരങ്ങൾ പറയുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഞാൻ നേരത്തെതന്നെ പറയുകയുണ്ടായി തൃശ്ശൂർ കോഴിക്കോടു് ജില്ലകളിലേക്കാണു് ഇതിന്റെ ആവശ്യം വന്നതെന്നു്. ടെൻഡർ വിളിക്കുന്നതുവരെ കാത്തിരിക്കാൻ നിർവ്വാഹമില്ലെന്നു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ റിപ്പോർട്ടു് ചെയ്തിട്ടുള്ളതുകൊണ്ടാണു് അങ്ങനെ ചെയ്തിട്ടുള്ളതു്. ആ നടപടി ശരിയാണോ എന്നുള്ളതിനെപ്പറ്റിയാണു് വിജിലൻസു് അന്വേഷണം നടത്തുന്നതു്.

ശ്രീ ഇ. ജോൺ ജേക്കബ്: കൃഷിസംബന്ധമായി അത്യാവശ്യമായ പല സന്ദർഭങ്ങളിലും മരുന്നുകൾ വാങ്ങിക്കേണ്ടിവരുമെന്നും അതുകൊണ്ടു് ടെൻഡർ നടപടിവരെ കാത്തിരുന്നു വാങ്ങിക്കുകയാണെങ്കിൽ ആ പ്രദേശത്തുള്ള കൃഷി മുഴുവൻ നശിക്കുമെന്നും മനസ്സിലാക്കിക്കൊണ്ടു് ഇക്കാര്യത്തിൽ എന്തെങ്കിലും കറപ്ഷൻ നടത്തിയിട്ടുണ്ടെങ്കിൽ അതിനെപ്പറ്റിമാത്രം അന്വേഷിക്കേണ്ടതാണെന്നും മേലിലും അടിയന്തിര സന്ദർഭങ്ങളിൽ മരുന്നുകൾ വാങ്ങിക്കാനുള്ള അവകാശവും മനോവീര്യവും ഉദ്യോഗസ്ഥന്മാർക്കു് കൊടുക്കേണ്ടതാണെന്നും ഗവണ്മെന്റു് കരുതുന്നുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കീടങ്ങളുടെ ശല്യം എപ്പോഴാണു് വരുന്നതെന്നു് നിശ്ചയമില്ലാത്തതുകൊണ്ടു് ചില സന്ദർഭങ്ങളിൽ അത്യാവശ്യമായി മരുന്നുകൾ വാങ്ങിക്കേണ്ടതായി വരുമെന്ന കാര്യം ഗവണ്മെന്റു് അംഗീകരിക്കുന്നുണ്ടു്. അതേഅവസരത്തിൽ മറ്റു വിധത്തിലുള്ള എന്തെങ്കിലും അഴിമതികൾ നടന്നിട്ടുണ്ടോ എന്നന്വേഷിക്കേണ്ടതുണ്ടു് ഈ ഗവണ്മെന്റിന്റെ ചുമതലയാണു്. അതിനെ സംബന്ധിച്ചു് അന്വേഷണം നടത്തുന്നതാണു്.

ശ്രീ. എസ്സു്. ദാമോദരൻ: അടിയന്തിരമായി നേരിട്ട ആവശ്യം കൊണ്ടാണു് ടെൻഡർപോലും ക്ഷണിക്കാതെ മരുന്നുവാങ്ങിച്ചിട്ടുള്ളതെന്നു് വ്യക്തമാക്കുകയുണ്ടായി. അങ്ങനെ അടിയന്തിരസ്വഭാവത്തോടുകൂടി വാങ്ങിച്ച സാധനം ഇപ്പോഴും വിറ്റഴിയാതെ കെട്ടിക്കിടക്കുകയാണെന്നുള്ള പരിതഃസ്ഥിതി മനസ്സിലാക്കി അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതെല്ലാം അന്വേഷണറിപ്പോർട്ടു് വന്നതിനുശേഷമേ ചെയ്യാൻ കഴിയൂ.

ശ്രീ. എ. വി. ആര്യൻ: കൃഷിപ്രധാനമായ നമ്മുടെ രാജ്യത്തു് കൃഷി ഉള്ളിടത്തോളം കാലം പാഴി, തണ്ടുതുരപ്പൻ തുടങ്ങിയ കീടങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ടു് അത്യാവശ്യം ഉണ്ടാകുന്ന അവസരത്തിൽ മാത്രം ഓടിനടന്നു വാങ്ങിക്കുന്നതിനുപകരം മുൻകൂട്ടി ആവശ്യമുള്ള കീടനാശിനികൾ വാങ്ങിച്ചു് സ്റ്റോക്കുചെയ്യാനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സാധാരണഗതിയിൽ ആവശ്യമുള്ള കീടനാശിനികളും ടെൻഡർവിളിച്ച് വാങ്ങിക്കാറുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ എപ്പോഴെല്ലാം എത്ര അളവിലാണ് കീടങ്ങളും ശല്യംചെയ്യുന്നതെന്ന് നമുക്ക് അറിയാൻപോലും സാധിക്കുകയില്ല. ഉദാഹരണത്തിന് ഈ വർഷത്തിൽ ചാഴിയുടെ ശല്യം വന്നിട്ടുണ്ട്. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം വലിയതോതിൽ ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ചാഴിയുടെ ശല്യം ഉണ്ടാകുന്നുണ്ട്. എന്നാൽ കഴിഞ്ഞ വർഷം ചാഴിയുടെ ശല്യം ഉണ്ടായിട്ടില്ല. കഴിഞ്ഞവർഷത്തെ കണക്കുവച്ചുകൊണ്ട് ഈ വർഷം വരുന്ന വാങ്ങിക്കുകയും മാറും ചെയ്യാൽ ആവശ്യത്തിനു തീരെ മതിയാകാതെ വരുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം വെട്ടിമുറിച്ച് ശരിപ്പെടുത്താൻ പ്രായോഗികമായി കഴിയുകയില്ല.

ശ്രീ. കെ. കരുണാകരൻ: ടെൻഡർ വിളിക്കാതെ വാങ്ങിച്ചതു് അത്യാവശ്യമായതുകൊണ്ടാണെങ്കിൽ വാങ്ങിച്ചതിനുശേഷം ഗവണ്മെന്റിന്റെ അംഗീകാരം വാങ്ങിക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിന്റെ അംഗീകാരം കൊടുക്കേണ്ടതു് ഡയറക്ടർ ആണ്. ഡയറക്ടർ അപ്രൂവൽ കൊടുത്തിട്ടുണ്ട്.

പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ

*136 (463) ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർമാരുടെ അധികാര പരിധി പുനർനിർണ്ണയം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സർക്കിളുകളിൽ;

(സി) ഉളിക്കൽ, പയ്യാവൂർ, കുടിയാൻമല എന്നീ മലയോരപ്രദേശങ്ങളിൽ കൂടിവരുന്ന ക്രിമിനൽകേസുകളും പരിഗണിച്ച് ആ സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷൻ തുറക്കുവാൻ നിവേദനം കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഓരോ സർക്കിളിന്റെയും കീഴിലുള്ള പോലീസ് സ്റ്റേഷനുകളുടെ എണ്ണം ക്രമീകരിക്കുന്നതിനും തദ്ദേശ ഇൻസ്പെക്ടറന്മാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടി അഞ്ചിലധികം സ്റ്റേഷനുകളുള്ള സർക്കിളുകളുടെ എണ്ണം പുനർനിർണ്ണയിച്ച് കൂടുതലായി താഴെപറയുന്ന 12 സർക്കിളുകളും രൂപീകരിക്കുവാൻ അനുവാദം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് വേണ്ട മേൽനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(1) വിഴിഞ്ഞം	(2) കൊട്ടാരക്കര	(3) പാല
(4) പുളിക്കുന്ന്	(5) വടക്കൻപറവൂർ	(6) ആലുവാ
(7) കുളമശ്ശേരി	(8) ചിറ്റൂർ	(9) കുന്നമംഗലം
(10) സുൽത്താൻബത്തേരി	(11) പയ്യന്നൂർ	(12) മണ്ണാർക്കാട്.

(സി) ഉളിക്കൽ എന്ന സ്ഥലത്തു് ഒരു പുതിയ പോലീസ് സ്റ്റേഷൻ തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പടിയൂർ പഞ്ചായത്തിന്റെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്. പയ്യാവൂർ, കുടിയാൻമല എന്നിവിടങ്ങളിൽ പോലീസ് സ്റ്റേഷനുകളും വേണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളൊന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly